പതിനാലാം കേരളനിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1374 — 31/10/2019 മറുപടിയ്ക്ക്

## അദ്ധ്യയന ദിവസങ്ങൾ

**ചോദ്യം** — **ഉത്തരം**

ശ്രീ.കെ.എസ്.ശബരീനാഥൻ — പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് 2018-19 വർഷത്തിൽ ആകെ എത്ര അദ്ധ്യയന ദിവസങ്ങൾ ആണ് ഉണ്ടായിരുന്നത് ;

(എ) സംസ്ഥാനത്ത് 2018-19 വർഷത്തിൽ വിദ്യാഭ്യാസ കലണ്ടർ പ്രകാരം ആകെ 200 അദ്ധ്യയന ദിനങ്ങളാണ് ഉണ്ടായിരുന്നത്.

(ബി) ഏറ്റവും കൂടുതലും കുറവും അദ്ധ്യയന ദിവസങ്ങൾ ഏത് ജില്ലയിലായിരുന്നു ;

(ബി) ഏറ്റവും കൂടുതൽ അധ്യയന ദിവസങ്ങൾ കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലും, കുറവ് ആലപ്പുഴ ജില്ലയിലുമായിരുന്നു. ലഭിച്ച പ്രവർത്തി ദിനങ്ങൾ, നൽകിയ അവധിദിനങ്ങൾ, അവധിദിനങ്ങൾക്കു പകരമുള്ള പ്രവൃത്തി ദിനങ്ങൾ എന്നിവ സംബന്ധിച്ച ജില്ലാതല വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | 2018-19 ൽ ആകെ ലഭിച്ച സാദ്ധ്യായ ദിനങ്ങളുടെ എണ്ണം | 2018-19 ജില്ലാ തലത്തിൽ പ്രഖ്യാപിച്ച അവധിദിനങ്ങളുടെ എണ്ണം | അവധി ദിനങ്ങൾക്കു പകരം അദ്ധ്യയനം നടത്തിയ ദിനങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 198 | 6 | 4 |
| 2 | കൊല്ലം | 199 | 4 | 3 |
| 3 | പത്തനംതിട്ട | 197 | 10 | 7 |
| 4 | ആലപ്പുഴ | 188 | 17 | 5 |
| 5 | കോട്ടയം | 200 | 8 | 8 |
| 6 | ഇടുക്കി | 197 | 9 | 6 |
| 7 | എറണാകുളം | 197 | 12 | 9 |
| 8 | തൃശ്ശൂർ | 198 | 6 | 4 |
| 9 | പാലക്കാട് | 200 | 6 | 6 |
| 10 | മലപ്പുറം | 200 | 18 | 18 |
| 11 | കോഴിക്കോട് | 200 | 8 | 8 |
| 12 | വയനാട് | 200 | 14 | 14 |
| 13 | കണ്ണൂർ | 196 | 12 | 8 |
| 14 | കാസറഗോഡ് | 199.5 | 2.5 | 2 |

(സി) 2019-20 ൽ 200 അദ്ധ്യയന ദിവസങ്ങൾ വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

(സി) 2019-20 അദ്ധ്യയന വർഷം 200 അദ്ധ്യയന ദിവസങ്ങൾ ഉറപ്പാക്കാൻ വേണ്ടി രണ്ടാം ശനിയാഴ്ച്ച ഒഴികെയുള്ള ശനിയാഴ്ച്ചകൾ പ്രവൃത്തി ദിനമാക്കി

ക്രമീകരിച്ചും കലോത്സവങ്ങൾ, മേളകൾ എന്നിവയുടെ നടത്തിപ്പിന് പരമാവധി അവധി ദിനങ്ങൾ ഉൾപ്പെടുത്തിയും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ പരീക്ഷകൾ ഒരേ സമയം നടത്താൻ തീരുമാനിച്ച തിലൂടെയുള്ള പരീക്ഷദിനങ്ങളുടെ ക്രമീകരണത്തിലൂടെയും പരമാവധി സാധ്യായ ദിവസങ്ങൾ ഉറപ്പ് വരുത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ